സാഹിത്യവാരഫലം

1990/04/15 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1990/04/15-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

ഉഷ്ണകാലം. ചൂട് സഹിക്കാനാവാതെ ഞാൻ വീട്ടിന്റെ മുൻവശത്ത് ഇരിക്കുകയായിരുന്നു. മുകളിൽ ഫാൻ കറങ്ങുന്നുണ്ട്. പക്ഷേ, അതുകൊണ്ടെന്തു പ്രയോജനം? ചൂടാർന്ന വായുവിനെ ഒന്നു ചലിപ്പിച്ചുവിടാമെന്നല്ലാതെ ഫാനിന് എന്തുകഴിയും. ഉഷ്ണരശ്മികൾ അകത്തേക്കു കടക്കേണ്ടതില്ല എന്നു കരുതി ഞാൻ കതകടച്ചിരുന്നു. അങ്ങനെ ആലസ്യത്തിലാണ്ട് ഇരുന്ന എന്റെ കാതിൽ ഒരു മൃദുലപദവിന്യാസ ശബ്ദം വന്നു വീണു. ഞാൻ ഉടനെ എഴുന്നേറ്റില്ല. കെട്ടിടം നിർമ്മിച്ചവർ വാതിലിലെ പലക വേണ്ടപോലെ ചേർത്തുവയ്ക്കാത്തതുകൊണ്ട് ഒരു വിടവുണ്ട്. അതിലൂടെ നോക്കിയാൽ പൂമുഖത്തു വന്നു നില്ക്കുന്ന ആളിന്റെ പാദങ്ങൾ തൊട്ട് അരക്കെട്ടുവരെയുള്ള ശരീരഭാഗം കാണാം. റോഡിനപ്പുറത്തുള്ള വിശാലവും ശുഷ്കവുമായ പാടം കാണാം. മൃദുലശബ്ദം കേട്ട ഭാഗത്തേക്കു ഞാൻ നോക്കി. മനോഹരങ്ങളായ പാദങ്ങൾ. അവയ്ക്കു മുകളിലായി വിലകൂടിയ സാരി. മൃദുത്വം വീട്ടിലാകമിക്കുമ്പോൾ നമുക്കു കാഠിന്യം പാടില്ല. ഞാൻ അതിലും മൃദുലമായി വാതിൽ തുറന്നു. സുന്ദരി കൈകൾ കൂപ്പി മധുരമന്ദസ്മിതത്തോടെ നില്ക്കുന്നു. വിടർന്ന റോസാപ്പൂപോലെയാണ് ആ യുവതി. എനിക്കു പെട്ടെന്ന് ഓർമ്മവന്നതു മോപസാങ്ങിന്റെ 'ചന്ദ്രികയിൽ' എന്ന ചെറുകഥയാണ്. ഉടക്കത്തിൽ പാദങ്ങളുടെ ഭംഗിയും അരുണിമയും. മധ്യഭാഗത്ത് തിളക്കം. അന്ത്യത്തിൽ പനിനീർപ്പൂവിന്റെ ശോഭ. കഥയെടുത്ത് മാർദ്ദവത്തോടെ വായിക്കുന്ന മട്ടിൽ ഞാൻ ആ ചെറുപ്പക്കാരിയെ 'വരൂ, ഇരിക്കു' എന്ന പേലവസ്വരത്തിൽ ക്ഷണിച്ചു. അമ്മയാര് എന്നു പ്രമോദത്തോടെ ഞാൻ ചോദിച്ചില്ല. അവൾക്കു ഭർത്താവുണ്ടോ എന്നും ചോദിച്ചില്ല. എന്തിനു ചോദിക്കണം? സൗന്ദര്യത്തിന്റെ ഉടലെടുത്ത രൂപത്തിനു വേറൊരാളിന്റെ ഉടമസ്ഥത വേണ്ട. സൗന്ദര്യം സൗന്ദര്യമായിത്തന്നെ നില്ക്കും. നീലത്തടാകത്തിൽ കളിവഞ്ചി കാറ്റേറ്റു തനിയെ നീങ്ങുന്നതു കാണാനാണു ഭംഗി. വഞ്ചിക്കാരൻ അതിലിരുന്നു തുഴഞ്ഞാൽ ഭംഗിക്കു ന്യൂനത വരും. പൂന്തോട്ടത്തിൽ പൂക്കളങ്ങനെ വിരിഞ്ഞുനില്ക്കുമ്പോഴാണ് രാമണീയകം. തോട്ടക്കാരൻ അവിടെ കടന്നു വരുമ്പോൾ പുഷ്പങ്ങളുടെ ശോഭ കുറയും. എന്റെ വീട്ടിലെത്തിയ തരുണി അവളായിട്ടു മാത്രം നില്ക്കട്ടെ. അച്ഛനോ അമ്മയോ ഭർത്താവിനോ അധികാരം വന്നാൽ അവൾക്ക് അപകർഷം വന്നുകൂടും. 'ചന്ദ്രികയിൽ' എന്ന കഥയുടെ കർത്താവ് മോപസാങ് എന്നറിയാതിരുന്നാൽ ഏറെ നന്ന്. അറിഞ്ഞാൽ ലൈംഗികരോഗം പിടിച്ചു മരിച്ചയാളാണോ ഈ സൗന്ദര്യത്തിന്റെ സ്രഷ്ടാവ് എന്നുചോദിച്ചിട്ട് നമ്മൾ വിഷാദത്തിൽ വീഴും. നമ്മുടെ നാടൻ പാട്ടുകളുടെ ഭംഗി അവയുടെ അജ്ഞാതകർത്തൃക സ്വഭാവത്തിലല്ലേ ഇരിക്കുന്നത്?

കാടിതു കണ്ടായോ താടകാ ഭയങ്കരി

ബൽസാക്ക്

പരുക്കൻ കാൽവയ്പിന്റെ ശബ്ദത്തോടെ വന്നെത്തുന്നത് ആര്? പാലൂരിന്റെ 'ഒരു ശ്രുതി' എന്ന കാവ്യാംഗന യല്ലാതെ മറ്റാരാണ്? "പ്രാണാപാനസമാന വ്യാനോദാനന്മാർ" എന്ന പദവിന്യാസം. ഇതു കാതിനെ പീഡിപ്പിക്കുന്നു. അർത്ഥഗ്രഹണത്തിനു ക്ലേശമുണ്ടാക്കുന്നു. ഞാൻ മലയാളാധ്യാപകനായിരുന്നതുകൊണ്ടു അപാനനും സമാനനും വ്യാനനും ഉദാനനും ശരീരത്തിലെ വായുക്കളാണെന്നു മനസ്സിലാക്കിയിട്ടുണ്ട്. പക്ഷേ, എല്ലാവരും അധ്യാപകരല്ല. കാർക്കശ്യത്തോടെ വീട്ടിൽ കയറിവന്ന ഈ താടക ശബ്ദത്തോടെ കസേര വലിച്ചിട്ട് അതിൽ കയറിയിരിക്കുന്നു. അവളുടെ ഇരിപ്പ നോക്കൂ. "ജരായുജാണ്ഡജസ്വേദജോദ്ഭിജ്ജങ്ങളൊടുങ്ങവെ" (ജരായുവിൽനിന്ന്—ശിശുവിനെ പൊതിഞ്ഞ ചർമ്മത്തിൽനിന്ന്—ജനിച്ചവ. അണ്ഡത്തിൽനിന്നു ജനിച്ചവ. സ്വേദത്തിൽനിന്നു ജനിച്ചവ. (മൂട്ട, പേൻ ഇവ) ഉദ്ഭിജങ്ങൾ (മുളച്ചുണ്ടാകുന്നവ—ചെടികൾ) ഇവയെല്ലാം ഒടുങ്ങിപ്പോയപ്പോൾ എന്ന് ആ ഇരിപ്പിന്റെ അർത്ഥം.)

ഈ ഒടുങ്ങൽ കണ്ട് കവി, നാഭിജന്മാണ്ഡജനോട് (ബ്രഹ്മാവിനോട്) പറഞ്ഞുപോലും. 'എനിക്കു ലോകനാശം കണ്ടിരിക്കാൻ വയ്യ." അപ്പോൾ ബ്രഹ്മാവ് അറിയിച്ചത്രേ, "സരസ്വതിയെ വിളിച്ച് സമസ്തവും രഞ്ജിപ്പിക്കൂ. അപാന സമാന വ്യാനോദാനന്മാർ മല്ലടിക്കേണ്ട കാര്യമില്ല. അവർ തുല്യ പൗരുഷന്മാരാണ്." കവി വാണിയെ വിളിച്ചു. അവളുമായി രമിച്ചു.

ഒരു പുതിയ ഉൾക്കാഴ്ചയുമില്ലാത്ത ഈ വാക്യത്ധങ്കൃതികൊണ്ട് (ത്ധങ്കൃത് = ഇരപ്പ്) പാലൂരു നേടുന്നതെന്താണ്? വായനക്കാരന്റെ വെറുപ്പുമാത്രം. ഭൗതികത്വം മാത്രം വിളമ്പുന്നവർ ജനതയുടെ വിദ്വേഷത്തിനു പാത്രമാകും. ആധ്യാത്മികത്വം എന്ന വ്യാജേന അമൂർത്തങ്ങളായ ആശയങ്ങളെ എടുത്തുനിർത്തുന്ന പാലൂര് കവിതയുടെ ഉജ്ജ്വലപ്രകാശത്തിലേക്ക് അനുവാചകരെ നയിക്കുന്നില്ല. കത്സിതരൂപം കാണിച്ച് പേടിപ്പിക്കുന്നതേയുള്ളൂ. അതിഥിക്കു മര്യാദവേണം. ആ മര്യാദയില്ലാതെ താടകാഭയങ്കരി എന്റെ കസേരയിൽ കയറിയിരിക്കുന്നു. ആതിഥേയനു മര്യാദവേണം. ആ മര്യാദയോടെ ഞാൻ മാംസപേശികളുടെ വക്രീകരണത്തോടെ അവളെ നോക്കിക്കൊണ്ടിരിക്കുന്നു. 'എഴുന്നേറ്റു പുറത്തുപോക' എന്നുപറയുന്നില്ല. (ഈ നിശാചരിയെ കാണണമെന്നുള്ളവർക്കു മാതൃഭൂമി ആഴ്ചപ്പതിപ്പ് നോക്കാം).



മാർകേസിന്റെ The General in his Labyrinth എന്ന പുതിയ നോവലിന്റെ ക്യൂബൻ പ്രസാധനത്തിനു "പ്രകൃതി നല്കി"ക്കൊണ്ട് ക്യൂബയിലെ സംസ്കാരവകുപ്പ് മന്ത്രി പറഞ്ഞു: സാമ്പത്തിക സ്ഥിതി വിവരണക്കണക്കുകളിൽനിന്നും പ്രബന്ധങ്ങളിൽനിന്നും ഫ്രഞ്ച് സമുദായത്തെക്കുറിച്ച് മനസ്സിലാക്കിയതിനെക്കാൾ കൂടുതൽ കാര്യങ്ങൾ ബൽസാക്കിന്റെ നോവലുകളിൽനിന്നു തനിക്കു ഗ്രഹിക്കാൻ കഴിഞ്ഞുവെന്ന് എംഗൽസ് പ്രസ്താവിച്ചു. ഇതിനു കാരണം സാഹിത്യം—വിശേഷിച്ചും ബൽസാക്കിന്റെയും ഗാർസിയ മാർകേസിന്റെയും സാഹിത്യം—സത്യത്തിലേക്കും വസ്തുക്കളുടെ യഥാർത്ഥ സ്വഭാവത്തിലേക്കും തുളച്ചു ചെല്ലുന്നു എന്നതാണ്. നിസ്സംഗമായ സ്ഥിതി വിവരക്കണക്കുകൾക്കും നിയമാനുസാരിയായ ചിന്തനത്തിനും തത്ത്വചിന്താത്മകമായ അമൂർത്തവസ്തുക്കൾക്കും ഇതിനു കഴിയില്ല...


ഗാർസിയ മാർകേസ്

One Hundred Years of Solitude എന്ന നോവലിൽനിന്ന് കൊളമ്പിയയിലെ അക്രമത്തിന്റെ 'അടിവേരുക ളെ'ക്കുറിച്ചു നമ്മൾ കൂടുതൽ മനസ്സിലാക്കുന്നു. ആ വിഷയം കൈകാര്യം ചെയ്യുന്ന ഏതു പ്രബന്ധത്തിൽ നിന്നും ഏതു രാഷ്ട്രീയ പ്രഭാഷണത്തിൽ നിന്നും മനസ്സിലാക്കുന്നതിനെക്കാൾ. (Granma—Havana—December 17, 1989)

ഈയത്തിനു പകരം രത്നം

'ഗ്രാന്മ'യിൽ മാർകേസ് എഴുതിയ Lost Stories എന്ന വേറൊരു ലേഖനത്തിൽ ഒരു കൊച്ചുകഥ പറഞ്ഞിട്ടുണ്ട്. മീൻ പിടിക്കാൻ പോകുന്നവൻ അയല്ക്കാരനോട് ഒരീയക്കട്ടി ചോദിച്ചു വാങ്ങി. വലയിൽ കെട്ടാനായിരുന്നു അത്. ഈയക്കട്ടിക്കു പകരം ആദ്യമായി പിടിച്ചെടുക്കുന്ന മീൻ അയാൾക്കു കൊടുക്കാമെന്നു മീൻപിടിത്തക്കാരൻ പ്രതിജ്ഞ ചെയ്തു. അതനുസരിച്ചുതന്നെ അയാൾ പ്രവർത്തിച്ചു. അയല്ക്കാരന്റെ ഭാര്യ ഒരു മീൻ കീറിയപ്പോൾ അതിന്റെ വയറ്റിൽ ഒരു വലിയ രത്നമിരിക്കുന്നതായി കണ്ടു. ജീവിത സംഭവങ്ങളാകുന്ന ഈയക്കട്ടികൾക്കു പകരം വലിയ രത്നങ്ങൾ താനറിയാതെ അനുവാചകർക്ക് നല്കുന്നവനാണ് കലാകാരൻ. പാറന്നൂർ പത്മനാഭനു ഇതൊരിക്കലും കഴിയുകയില്ലെന്ന് അദ്ദേഹത്തിന്റെ ചെറുകഥകൾ കഴിഞ്ഞ ഇരുപതുവർഷങ്ങളായി വായിക്കുന്ന ഞാൻ ഗ്രഹിച്ചിട്ടുണ്ട്. ഈ ആഴ്ചത്തെ ദേശാഭിമാനി വാരികയിൽ അദ്ദേഹമെഴുതിയ 'ചങ്ങലക്കണ്ണികൾ' എന്ന കഥ വായിച്ചിട്ടും പത്മനാഭന്റെ അവിദഗ്ദ്ധത അവിദഗ്ദ്ധതയായിത്തന്നെ നിലനില്ക്കുന്നു എന്ന് എനിക്കു തോന്നുകയുണ്ടായി. രാമചന്ദ്രൻ എന്നൊരു ആപ്പീസ് ഗുമസ്തൻ ക്രമേണ ഭൗതികത്വത്തിന്റെ ചങ്ങലക്കെട്ടുകൾ മുറിച്ചുമുറിച്ച് സന്ന്യാസത്തോളം എത്തുന്നു. ഒടുവിൽ ഭ്രാന്തനായി മാറുന്നു. ചങ്ങലയാൽ അയാൾ ബന്ധിക്കപ്പെടുന്നു.

കലയുടെ പ്രാഥമിക സ്വഭാവം പത്മനാഭന്റെ കഥയില്ല. അത് യാഥാതഥ്യത്തിന്റെ പുനരാവിഷ്കരണം മാത്രമാണ്. വാക്കുകൾ കൊണ്ടുള്ള ചിത്രരചനയാണ് കഥ. അത് ഒരു പുതിയ മാനം പ്രത്യക്ഷമാക്കുന്നു. ഈ നൂതന മാനമാണ് അനുവാചകന്റെ ജീവിതാവബോധത്തെ തീക്ഷ്ണതമമാക്കുന്നതും അയാളെ അദ്ഭുതത്തിലേക്ക് വലിച്ചെറിയുന്നതും. മാത്രമല്ല, ഇക്കഥ ഒരു ടിക്ക് പോലിരിക്കുന്നു. മജീഷ്യൻ ഒരുത്തനെ ചങ്ങലകൊണ്ടു വരിഞ്ഞുകെട്ടിയിട്ട് ഒരു കൂട്ടകൊണ്ടു മൂടുന്നു. ഉടനെ കൂട്ടമാറ്റുമ്പോൾ ചങ്ങലക്കെട്ടുകളില്ലാതെ അയാൾ നില്ക്കുന്നു. കൈയടി. ഇക്കഥയിൽ ചങ്ങലയുടെ കണ്ണികൾ പൊട്ടിച്ചെറിയുന്ന ഗുമസ്തൻ ചങ്ങലയാൽ ബന്ധിക്കപ്പെടുന്നില്ലേ. രണ്ടും ടിക്ക് തന്നെ. ഈയക്കട്ടിക്കു പകരം രത്നം തരാൻ പാറന്നൂർ പത്മനാഭന് എന്നെങ്കിലും കഴിയുമോ?

ചോദ്യം, ഉത്തരം

ചോദ്യം: നിങ്ങൾ ഏറ്റവും വെറുക്കുന്ന കാഴ്ചയേത്?

ഉത്തരം: കൂട്ടിനകത്തെ പക്ഷി. വീട്ടിലെ അക്വേറിയത്തിൽ വൈഷമ്യമനുഭവിക്കുന്ന സ്വർണ്ണമത്സ്യം. ചങ്ങലയിട്ട നായ്. ഗൃഹാന്തർഭാഗത്തുമാത്രം കഴിഞ്ഞുകൂടാൻ വിധിക്കപ്പെട്ട ഭാര്യ.

ചോദ്യം: കാക്കനാടനെക്കുറിച്ച് എന്താണ് അഭിപ്രായം?

ഉത്തരം: സ്നേഹസമ്പന്നനായ ആൾ. മര്യാദയുടെ ഉടലെടുത്ത രൂപം. ആദ്യകാലത്ത് പച്ച വെള്ളത്തെ മന്ത്രിച്ചാറാക്കി അദ്ദേഹം. ഉദാ: 'ഉഷ്ണമേഖല.' ഇപ്പോൾ മന്ത്രിച്ചാറിനെ പച്ചവെള്ളമാക്കിക്കൊണ്ടിരിക്കുന്നു.

ചോദ്യം: അച്ഛനമ്മമാരുടെ ദൗർബല്യമെന്ത്?

ഉത്തരം: കൊച്ചുമകനോ മകളോ ബുദ്ധിശക്തി കാണിച്ചാൽ അച്ഛന്റെ കഴിവു കാണിക്കുകയാണെന്നു പറയും. മണ്ടത്തരമാണ് അവന്റെയോ അവളുടെയോ സവിശേഷതയെങ്കിൽ അച്ഛന്റെ പേരോ പറകയില്ല.

ചോദ്യം: ഭാര്യ ഭർത്താവിനെ കൂടുതൽ വെറുക്കുന്നത് എപ്പോൾ?

ഉത്തരം: അയാളുടെ അസാന്മാർഗ്ഗികത്വം കാണുമ്പോഴല്ല. വീട്ടിൽ വരുന്നവരെ അയാൾ അപമാനിക്കുന്നതു കാണുമ്പോഴാണ്.

ചോദ്യം: സാഹിത്യവാരഫലത്തിന്റെ ദോഷമെന്താണ്?

ഉത്തരം: സത്യം വെട്ടിത്തുറന്നു പറയുന്നതാണ് ഇതിന്റെ ദോഷം. കിഴക്കുദിക്കിൽനിന്നു സൂര്യൻ മെല്ലെ ഉദിച്ചുയരുന്നതുപോലെ മാത്രമേ സത്യം പ്രകാശിക്കാവൂ. അർദ്ധരാത്രിയിൽ സൂര്യൻ പ്രകാശിച്ചാൽ പ്രതിഷേധമുണ്ടാകും. സത്യം പതുക്കെപ്പറയാൻ ഞാൻ ശ്രമിക്കാം.

ചോദ്യം: നിങ്ങൾക്ക് ഇന്നലെ എന്നതുണ്ടോ? ഇന്ന് എന്നതുണ്ടോ? (ചോദ്യം സ്വന്തം)

ഉത്തരം: 'ഇന്നലെ' എന്നത് ഉണ്ട്. 'ഇന്ന്' എന്നതുണ്ട്. പണത്തെസ്സംബന്ധിച്ച് 'നാളെ' എന്നതില്ല എന്ന മട്ടിലാണ് ഞാൻ പ്രവർത്തിക്കുന്നത്.

ചോദ്യം: കട്ടിക്കുഷ്ണമാരാരെപ്പോലെ എഴുതാൻ കഴിയില്ലെങ്കിൽ പേന താഴെ വച്ചുകൂടേ തനിക്ക്?

ഉത്തരം: ആമയ്ക്കു കാറോടിക്കാൻ കഴിയില്ല. അതുകൊണ്ട് ആമ ആത്മഹത്യ ചെയ്യണോ? അതിനു പതുക്കെപ്പതുക്കെ നീങ്ങിക്കൂടേ ഈ ഭൂമിയിലൂടെ?

ചോദ്യം: പുരുഷന്മാരെയാണു ചില സ്ത്രീകൾ വെറുക്കുന്നത് എന്തുകൊണ്ട്?

ഉത്തരം: എന്റെ ഒരു ബന്ധു പുരുഷവർഗ്ഗത്തെ മുഴുവൻ വെറുത്തിരുന്നു. വീട്ടിൽ വന്നാൽ 'പുരുഷമുഷ്' അടിക്കുന്നല്ലോ എന്ന് അവർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അവരെ ഒരുത്തൻ വിവാഹം കഴിച്ചു. മൂന്നാംദിവസം ഉപേക്ഷിച്ചു. അയാളോടുള്ള വെറുപ്പാണ് അവർ എല്ലാപുരുഷന്മാരോടുമുള്ള വെറുപ്പാക്കി മാറ്റിയത്. സുഖകരമായ ദാമ്പത്യജീവിതം നയിച്ചിരുന്നെങ്കിൽ അവർ പുരുഷവർഗ്ഗത്തെ വെറുക്കുമായിരുന്നില്ല.

മനസ്സിന്റെ തകർച്ച

പോൾ ബോൾസ്

അമേരിക്കൻ കഥാകാരനായ പോൾ ബോൾസ് (Paul Bowles) നല്ല കലാകാരനാണെന്നാണ് ഗോർ വിഡാലിന്റെ അഭിപ്രായം. (Carson Mccullers, Paul Bowles, Tennessee Williams are, at this moment at least, the three interesting writers in The United States—Armageddon?—Gore Vidal.) ഇതു വായിച്ച നാൾതൊട്ട് ഞാൻ ബോൾസിന്റെ കഥകൾ അന്വേഷിക്കുകയായിരുന്നു. ഇന്ന് ഒരു കഥ കിട്ടി. വായിച്ചു. പ്രതിഭാശാലിയായ കഥാകാരനാണ് അദ്ദേഹമെന്ന് മനസ്സിലാക്കുകയും ചെയ്തു. In the Red House എന്നാണ് കഥയുടെ പേര്. കഥ പറയുന്ന ആളിന് ശ്രീലങ്കയിൽ വീടുണ്ടായിരുന്ന കാലത്ത് അയാളുടെ അച്ഛനും അമ്മയും അയാളെ കാണാൻ ചെല്ലുമായിരുന്നു. താമസസ്ഥലത്തിന് കുറച്ചകലെ വച്ച് അവർ ഒരു ചെറുപ്പക്കാരനെ (സിംഹള യുവാവിനെ) പരിചയപ്പെട്ടു. ഒരു വിഷയത്തിൽനിന്നു മറ്റൊരു വിഷയത്തിലേക്ക് അനായാസമായി കുതിച്ചുചെല്ലുന്ന ആ യുവാവിന്റെ ഭാഷണരീതി കഥ പറയുന്ന ആളിനു തീരെ ഇഷ്ടമായില്ല. യുവാവ് അവരെ ഒരു വീട്ടിലേക്കു ക്ഷണിച്ചു. അവർ നന്നേ തടസ്സം പറഞ്ഞെങ്കിലും അയാളുടെ കൂടെ അവർക്കു പോകേണ്ടിവന്നു. ഇരുണ്ട, ശൂന്യങ്ങളായ മുറികളിലൂടെ അവരെ കൊണ്ടുപോയ യുവാവ് ഒരു ചെറിയ മുറിയിൽ ചെന്നുനിന്നു. ചുവന്ന ചുവരുകളും മേൽത്തട്ടുമുള്ള മുറിയായിരുന്നു അത്. കിടക്കയിട്ട ഒരു കട്ടിൽ മുറി നിറഞ്ഞുനിന്നു. അതിൽ, കൂടുതൽ ചുവപ്പുള്ള ഷീറ്റ് വിരിച്ചിട്ടുണ്ട്. ചുവരിൽ ഒരു പെൺകുട്ടിയുടെ പടം. അതിനടുത്ത് ആ ചെറുപ്പക്കാരന്റെ പടം. മൂന്നാമത്തേത് വേറൊരു യുവാവിന്റേത്. യുവാവ് അവിടെ ഉറങ്ങാറുണ്ടോ എന്ന് അച്ഛൻ ചോദിച്ചപ്പോൾ അയാൾ ഞെട്ടി. ഇല്ലയില്ല. ഈ വീട്ടിൽ ആരും താമസിക്കുന്നില്ല എന്നായിരുന്നു അയാളുടെ മറുപടി. വീടു കണ്ടിട്ട് കഥ പറയുന്ന ആളും അയാളുടെ അച്ഛനമ്മമാരും അവരുടെ പാർപ്പിടത്തിലേക്കു തിരിച്ചുപോന്നു. ആ കിടക്ക അവരെ 'ഹോണ്ട്' ചെയ്തു. ശബ്ദമില്ലാതെ ടെലിവിഷൻ പ്രവർത്തിക്കുമ്പോഴുള്ള പ്രതീതി. എല്ലാം കാണുന്നു! പക്ഷേ, എന്താണു നടക്കുന്നതെന്ന് അറിയുന്നില്ല. കുറച്ചുദിവസം കഴിഞ്ഞ് വേറൊരാൾ ആ ചെറുപ്പക്കാരന്റെ കഥ പറഞ്ഞു. വിവാഹം കഴിഞ്ഞു അയാളുടെ പ്രഥമരാത്രി. യുവാവ് ശയനമുറിയിലെത്തിയപ്പോൾ വധു അയാളുടെ ഒരു സ്നേഹിതനുമായി കിടക്കുന്നു. അയാൾ രണ്ടുപേരെയും വെടിവച്ചു കൊന്നിട്ട് മൃതദേഹങ്ങൾ കഷണം കഷണമാക്കി നുറുക്കി. കൊലപാതകി കുറേദിവസം ഭ്രാന്താശുപത്രിയിൽ കിടന്നിട്ടു പുറത്തിറങ്ങി. ഇപ്പോൾ അയാളുടെ ആഗ്രഹം ആ വലിയ സംഭവം നടന്ന മുറിയിലേക്ക് ആളുകളെ കൂട്ടിക്കൊണ്ടു പോകാനാണ്.

കഥ പറയുന്ന ആൾ തിരിച്ചു വീട്ടിലെത്തി. അച്ഛനും അമ്മയും അമേരിക്കയിലേക്കു പോകുകയാണ്. അവരെ ആ ഭയജനകമായ കഥ പറഞ്ഞ് അസ്വസ്ഥരാക്കേണ്ടതുണ്ടോ എന്ന് അയാൾ ആലോചിച്ചു. സംഭാഷണത്തിനിടയ്ക്ക് അമ്മ ആ ചെറുപ്പക്കാരനെ ഓർമ്മിച്ചു. "ആ മുറിക്ക് അയാളെസ്സംബന്ധിച്ചിടത്തോളം പ്രാധാന്യമുണ്ട്. അയാൾക്ക് അതൊരു ദേവാലയമാണ്" എന്ന് അമ്മ പറഞ്ഞു. വിശദാംശങ്ങളറിയാതെ അമ്മ വസ്തുതയുടെ കാതലായ ഭാഗത്തു ചെന്നു ചേർന്നുവെന്ന് അയാൾക്കു തോന്നി.


ജോൺ അപ്ഡൈക്ക്

ഈ കഥ ഉൾക്കൊള്ളുന്ന സമാഹാരഗ്രന്ഥത്തിന് അവതാരിക എഴുതിയ ജോൺ അപ്ഡൈക്ക് (പ്രശസ്തനായ നോവലിസ്റ്റ്) ഇതിലൊരു oedipal triangle ആണ്ടുള്ളതെന്നു പറയുന്നു. എഴുപതുവയസ്സോളമായവരാണ് കഥയിലെ മാതാപിതാക്കൾ. കഥ പറയുന്ന ആളിന് അമ്മയോടുള്ള സ്നേഹത്തിന് ഈനൽ നല്കിയിട്ടുണ്ടെങ്കിലും ഈഡിപ്പസ് കോംപ്ലെക്സ് ഇതിലുണ്ടെന്ന് എനിക്കു തോന്നിയില്ല. ചില സവിശേഷ പരിതഃസ്ഥിതികളിൽ മനുഷ്യനുണ്ടാകുന്ന മാനസികതകർച്ചയാണ് ബോൾസ് ചിത്രീകരിക്കുന്നതെന്ന് എനിക്കു തോന്നുന്നു.

ഇക്കഥയെക്കുറിച്ച് ഇത്രയുമെഴുതിയിട്ടാണ് ഞാൻ ശത്രുഘ്നന്റെ 'സ്വപ്നങ്ങളും സത്യങ്ങളും' എന്ന നല്ല കഥ വായിച്ചത്. (കലാകൗമുദി) അച്ഛനില്ലാത്ത സമയത്ത് അമ്മ പരപുരുഷനുമായി നടത്തുന്ന സല്ലാപം കണ്ട് മകൾ പ്രതിഷേധിക്കുന്നതു കഥാകാരൻ ഹൃദയകാരിയായി ആവിഷ്കരിച്ചിട്ടുണ്ട്. മകൾക്കു ലേശം മാനസികത്തകർച്ച അതു ദർശിച്ച് ഉണ്ടാകുന്നു. പക്ഷേ, അതിനെ ജയിച്ചുടക്കി അവൾ സന്മാർഗ്ഗികത്വത്തിന്റെ ശബ്ദം ഉയർത്തുന്നു. വെറുമൊരു 'സ്റ്റേറ്റ്മെന്റാ'യി ശത്രുഘ്നൻ ഈ കഥ എഴുതിയിരുന്നെങ്കിൽ ഇതു പരാജയപ്പെട്ടുമായിരുന്നു. മകളുടെ നോട്ടത്തിലൂടെ ആ കത്സിതത്വത്തെ ചിത്രീകരിച്ചു എന്നതിലാണ് ഇതിന്റെ വിജയം.

മോസ്കോയിൽ നിന്നു വരുന്ന സ്പുട്നിക് മാസികയിൽനിന്നൊരു നേരമ്പോക്ക്:

"എനിക്ക് ആറു വയസ്സായപ്പോൾതൊട്ടു സംഗീതം കൊണ്ട് പണം സമ്പാദിക്കുകയായിരുന്നു ഞാൻ."

"അതേയോ? നിങ്ങൾ എന്തു ചെയ്തു? പാട്ടുകച്ചേരിക്കു പോയോ?"

"ഇല്ല. പിയാനോ വായിക്കാതിരിക്കുന്നതിനുവേണ്ടി എന്റെ അയല്ക്കാരൻ എനിക്കു പണം തന്നിരുന്നു."

എല്ലിൻകൂട്

എ. ഡി. രാജൻ, കുങ്കുമം വാരികയിൽ ഒരു കൊച്ചുകഥയെഴുതിയിരിക്കുന്നു. അതിന്റെ പ്രതിഫലം എഡിറ്റർ തീർച്ചയായും അയച്ചുകൊടുക്കും അദ്ദേഹത്തിന്. പക്ഷേ, രാജൻ കഥയെഴുതുകില്ല എന്നു തീരുമാനിക്കുകയും അതു പത്രത്തിലൂടെ പ്രഖ്യാപിക്കുകയും ചെയ്താൽ കേരളത്തിലെ സഹൃദയർ കുങ്കുമം പത്രാധിപർ കൊടുക്കുന്ന പണത്തേക്കാൾ വലിയ സംഖ്യ അദ്ദേഹത്തിന് നേരിട്ടയച്ചുകൊടുക്കും. അത്രകണ്ടു വിരൂപമായിട്ടുണ്ട് അദ്ദേഹത്തിന്റെ കഥ. വൈരൂപ്യം എങ്ങനെയെന്നു ചോദിച്ചാൽ ആയിരക്കണക്കിന്, ലക്ഷക്കണക്കിന്, കോടിക്കണക്കിന് എഴുത്തുകാർ ചവച്ചുതുപ്പിയ ഒരു കരിമ്പിൻ ചണ്ടി അദ്ദേഹമെടുത്തു കുങ്കുമം വാരികയുടെ നല്ല തളികയിൽ വച്ചിട്ട് നമ്മോടു ഭക്ഷിക്കാൻ പറയുന്നു എന്നതുതന്നെ. അഭിലഷണീയമായ കൃത്യത്തിന് ആഹ്വാനം നടത്തുന്നതു വൈരൂപ്യം തന്നെ. ഒരുകാലത്ത് കാമുകിയും കാമുകനുമായിരുന്ന രണ്ടുപേർ വാർദ്ധക്യകാലത്തു കണ്ടുമുട്ടുന്നു. പഴയ ഒൻപതാംക്ലാസ്സ് പരീക്ഷ ജയിച്ച് ആളുകൾ സംസാരിക്കുന്നതുപോലെ അച്ചടിഭാഷയിൽ സംസാരിക്കുന്നു. പിരിയുന്നു. അവൾ വിവാഹിതയായിട്ടും അയാൾക്ക് ആശംസകൾ അയച്ചിരുന്നു. പക്ഷേ, മേൽവിലാസം കത്തുകളിൽ കാണിച്ചിരുന്നില്ല. ഇപ്പോൾ പിരിഞ്ഞുപോകാൻ നേരത്തും അവൾ സ്വന്തം മേൽവിലാസം നല്കിയില്ല. ഇതാണ് രാജന്റെ 'മേൽവിലാസമില്ലാത്ത ആശംസകൾ'.

കഥ രസശൂന്യവും സർവസാധാരണവും. കലാസങ്കേതം—ടെക്നിക്—വിരസവും കൃത്രിമവും. ഉൾക്കാഴ്ച (ഇൻസൈറ്റ്) പൂജ്യം. ഞാനിത് എഴുതിക്കൊണ്ട് ജന്നലിലൂടെ അന്തരീക്ഷത്തിലേക്കു നോക്കുമ്പോൾ ഒരു കൃഷ്ണപ്പരുന്ത് ചിറകുകൾ അനക്കാതെ ഒഴുകുന്നതായി കാണുന്നു. ചെക്കോവും മോപസാങ്ങും കൃഷ്ണപ്പരുന്തുകൾ. ഈ പക്ഷിയുടെ അസ്ഥിപഞ്ജരം കാഴ്ചബംഗ്ലാവിൽ വച്ചാൽ അതു കാണുന്നവന് എന്തുതോന്നും? രാജന്റെ കഥ വയിച്ചാൽ എന്തു തോന്നുമോ അതുതന്നെ തോന്നും.

തിരുനെല്ലൂർ കരുണാകരൻ

മാർച്ച് 20-നു വൈകുന്നേരത്തു തിരുവനന്തപുരത്തെ പ്രഭാത്ബുക്ക് ഹൗസിലേക്കു ചെന്നു. തെല്ലകലെ ജനയുഗം വാരികയുടെ കോപ്പികൾ വച്ചിരുന്നു. കവർ പേജിൽ ഒരുത്തന്റെ പടംകണ്ട് "ഏതു കരങ്ങനെയാണ് ഇതിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്?" എന്നു ചോദിച്ചുകൊണ്ട് ഞാൻ വാരികയെടുത്തു. അപ്പോഴാണ് എനിക്കു മനസ്സിലായത് അത് എന്റെ പടം തന്നെയാണെന്ന്. എന്റെ ചോദ്യം കേട്ട് ഹൗസ് മാനേജരും അദ്ദേഹത്തിന്റെ അസിസ്റ്റന്റും മന്ദസ്മിതം തൂകി. ആ മന്ദസ്മിതത്തിൽ, എന്നോടുള്ള സ്നേഹം പ്രകടമായിരുന്നു. എങ്കിലും എന്റെ പടം വാരികയുടെ കവർപേജിൽ അച്ചടിക്കാൻ നിർദ്ദേശിച്ച പ്രഫെസർ തിരുനെല്ലൂർ കരുണാകരനോട് എനിക്കു കൃതജ്ഞതയുണ്ട്.

മാസ്റ്റർ പീസ്


നജീബ് മാഹ്ഫൂസ്

സാഹിത്യത്തിനുള്ള നോബൽ സമ്മാനം നേടിയ നജീബ് മാഹ്ഫൂസിന്റെ (Naguib Mahfouz) Children of Gebelawi എന്ന നോവൽ അപ്രതീക്ഷിതമായിട്ടാണ് എന്റെ കൈയിൽ കിട്ടിയത്. അദ്ദേഹത്തിന്റെ Miramar എന്ന നോവലിനെക്കുറിച്ച് ഈ പംക്തിയിൽ മുൻപെഴുതിയിരുന്നു. ആ നോവൽ സാഹിത്യപരമായ മേന്മയുള്ളതാണെങ്കിലും അതിന്റെ രചയിതാവിനു നോബൽ സമ്മാനം കിട്ടാൻ അർഹതയുണ്ടോ എന്നെനിക്കു സംശയമുണ്ടായിരുന്നു. ആ സംശയം ഒരു ഫലിതോക്തിയുടെ മട്ടിൽ ഞാൻ ആവിഷ്കരിക്കുകയും ചെയ്തു. എന്നാൽ Children of Gebelawi എന്ന നോവലിന്റെ പാരായണത്തിനു ശേഷം മാഹ്ഫൂസിന്റെ സമ്മാനാർഹതയെക്കുറിച്ച് എനിക്കൊരു സംശയവുമില്ല.

നോവൽ ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്ത Philip Stewart എഴുതിയ അവതാരികയിൽ ഇത് ഈജിപ്റ്റിൽ ഉളവാക്കിയ പ്രതിഷേധത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. മാസ്റ്റർപീസായി പരിഗണിക്കപ്പെടുന്ന ഈ നോവൽ നാസറിന്റെ ഈജിപ്റ്റിലെ Al-Ahram പത്രത്തിൽ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയപ്പോൾ പുരോഹിതർ കഞ്ഞാടുകളോടു കൂടി തെരുവുകളിലിറങ്ങി ബഹളം കൂട്ടി. പ്രക്ഷോഭണം വർദ്ധിച്ചു. ഒരു പ്രസാധകനും ഇതു പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്താൻ തയ്യാറായില്ല. നോവൽ അച്ചടിച്ചു വന്ന വർത്തമാനപത്രത്തിന്റെ കോപ്പികൾ കൈമാറിയാണ് ആളുകൾ അതു വായിച്ചത്.



നോവലിൽ തെളിഞ്ഞ ചില കഥാപാത്രങ്ങളുണ്ട്. ഇവരുടെ ജീവിതചിത്രീകരണത്തിലൂടെ, അപ്രത്യക്ഷമായ ഒരിജിപ്റ്റിന്റെ ചരിത്രം നമുക്കു കിട്ടുന്നു. ഗതകാലസൗഭാഗ്യങ്ങളും ദൗർഭാഗ്യങ്ങളും ആവിഷ്കരിക്കപ്പെടുന്നു. ഈ കഥാപാത്രങ്ങളിലൂടെ ആദം, മോസസ്സ്, യേശു, മുഹമ്മദ് ഇവരുടെ ജീവിതങ്ങൾ ഭംഗ്യന്തരേണ പ്രതിപാദിക്കപ്പെടുകയാണ്. Gebelawi ഈശ്വരന്റെ പ്രതിരൂപമത്രേ. അല്ലെങ്കിൽ മാഹ്ഫൂസ് തർജ്ജമക്കാരനോടു പറഞ്ഞതുപോലെ മനുഷ്യർ ഈശ്വരനെക്കുറിച്ചു രൂപവത്കരിച്ച ആശയത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നു. പ്രവാചകരെ ഈജിപ്റ്റുകാർ എങ്ങനെ സംവീക്ഷണം ചെയ്യുന്നുവെന്നു വ്യക്തമാക്കുന്ന ഈ നോവൽ സാമൂഹികം, രാഷ്ട്രവ്യവഹാരപരം, ആധ്യാത്മികം ഈ തലങ്ങളിൽ നൂതനമാനങ്ങൾ പ്രദർശിപ്പിക്കുന്നു. Oppression must cease as night yields to day. We shall see the end of tyranny and dawn of miracles എന്നു പ്രഖ്യാപിക്കുന്ന മാഹ്ഫൂസ് മർദ്ദനത്തിന് എതിരായി, ഭീകരഭരണത്തിനെതിരായി നില്ക്കുകയാണ് എന്നതു വ്യക്തം. ഇതിൽ ഈശ്വരൻ മരിക്കുകയും ചെയ്യുന്നു.

ഈ നോവൽ വായിച്ചവസാനിപ്പിച്ചിട്ട് ഞാനിതു സ്നേഹപൂർവം മേശപ്പുറത്തുവച്ചു. എങ്കിലും അത് അവിടെക്കിടന്നു തുടിക്കുന്നു. 'എന്നെ വീണ്ടും കൈയിലെടുക്കൂ' എന്നല്ലേ അതു പറയുക?

പവനൻ

പണ്ട് തിരുവിതാംകൂറിൽ കാമേശം എന്നൊരു തടിവിദഗ്ദ്ധനുണ്ടായിരുന്നു. സി. പി. രാമസ്വാമി അയ്യരുടെ ആളായിരുന്നു അദ്ദേഹം. മരങ്ങളിൽ കത്തിവയ്ക്കുക, തടികളിൽ രാസദ്രവ്യം കയറ്റുക ഇവയെല്ലാം അദ്ദേഹത്തിന്റെ ജോലികളായിരുന്നു. ജീവനുള്ള മരങ്ങളെയും മരിച്ച തടികളെയും അസ്തിത്വം ദീർഘിപ്പിക്കാനുള്ള പരിപാടികൾ. കുറേക്കഴിഞ്ഞു കാമേശം തിരുവനന്തപുരം വിട്ടുപോയി. ഇവിടെ ദീർഘകാലം താമസിച്ചിരുന്നെങ്കിൽ പ്ലാവിൽ മരുന്നു കത്തിവച്ച് തേങ്ങ ഉത്പാദിപ്പിക്കാൻ കാമേശം ശ്രമിക്കുമായിരുന്നു. പ്രകൃതിക്കു ചില നിയമങ്ങളുണ്ട്. അവയനുസരിച്ച് മരങ്ങൾ വളർന്നുകൊള്ളും. ആ വൃക്ഷങ്ങളിൽ രാസവസ്തുക്കൾ കയറ്റുന്നത് നിഷ്ഠുരതയാണ്.

കലാകാരന്മാരെ മർദ്ദിച്ച് 'ഇന്ന വഴിയിലൂടെ മാത്രം പോകൂ' എന്നു ജനമർദ്ദകർ ആജ്ഞാപിക്കുന്നത് നിഷ്ഠുരത. ചെയ്യാത്ത കുറ്റത്തിന്റെ പേരിൽ ആരെയെങ്കിലും ഭർത്സിക്കുന്നതും നിഷ്ഠുരത. എന്റെ ഈ ലേഖനങ്ങളിൽ ശൃംഗാരം കാണും. പക്ഷേ, അശ്ലീലപദപ്രയോഗമില്ല. എങ്കിലും അശ്ലീലപദപ്രയോക്താവായതുകൊണ്ടാണ് അസഭ്യം നിറഞ്ഞ നോട്ടീസുണ്ടായതെന്ന അർത്ഥത്തിൽ ചിലരെല്ലാം എഴുതി. ശരിയല്ല അത്. ഞാൻ ഒരശ്ലീല പദവും പ്രയോഗിച്ചില്ല. ഒരു കുടുംബകാര്യം കൂടി പറയാം. എന്റെ മക്കളെ എടാ എന്നോ എടീ എന്നോ പോലും ഞാൻ ഇന്നുവരെ വിളിച്ചിട്ടില്ല. കാര്യം അതാണ്. എങ്കിലും വസ്തുതകൾക്കു രൂപപരിവർത്തനം വരുത്തി ചിലർ. ആ നിഷ്ഠുരതയ്ക്ക് എതിരായി പവനൻ ധീരമായ ശബ്ദം ഉയർത്തുന്നു. (ജനയുഗം വാരിക—ലക്കം 48) സത്യം കണ്ടെത്താനുള്ള പ്രവണതയിൽ നിന്നാണ് പവനന്റെ ആ ശബ്ദം ഉദ്ഭവിക്കുക. ഞാൻ അദ്ദേഹത്തിനു നന്ദി പറയുന്നു.

നിഷ്ഫലം

ശ്രീ ചിത്തിരതിരുനാൾ

ശ്രീ ചിത്തിരതിരുനാൾ മഹാരാജാവ് തിരുവിതാംകൂർ ഭരിച്ച കാലം. മഹാരാജാവ് പദ്മനാഭസ്വാമിക്ഷേത്രത്തിൽ പോകുന്ന സമയംനോക്കി, അദ്ദേഹം കാണത്തക്കവിധത്തിൽ കവടിയാർ–വെള്ളയമ്പലം റോഡിൽ ഒരാൾ എന്നും നില്ക്കും. അദ്ദേഹത്തെ തൊഴും. മഹാരാജാവ് ആ മനുഷ്യന് കാര്യമായ എന്തോ സഹായം ചെയ്തു എന്നാണ് ഞാനറിഞ്ഞത്. റോഡരികിൽ നിന്ന യാചകൻ ഭ്രാന്തനായിരുന്നു; ഒരുകാലത്ത് ഇംഗ്ലീഷ് പ്രഫെസറായിരുന്നു.

...എന്ന സ്ഥലത്തു റോഡിൽനിന്ന് പതിവായി എന്നോടു പണം ചോദിച്ചിരുന്ന ഒരു ഭ്രാന്തനോട് ഒരിക്കൽ 'പിന്നെത്തരാം' എന്നു ഞാൻ പറഞ്ഞുപോയി. ഉടനെ അയാൾ എന്നോട് ആസ്റ്റ്രോഫിസിക്സിന്റെ സങ്കീർണ്ണതകളെക്കുറിച്ചു സംസാരിച്ചു. പതിനഞ്ചു മിനിറ്റു നേരത്തെ വിദഗ്ദ്ധമായ പ്രഭാഷണം. ഞാൻ അമ്പരന്നുപോയി. പിന്നീട് അന്വേഷിച്ചപ്പോൾ മനസ്സിലായി അയാൾ ഹൈസ്കൂളിൽ ഫിസിക്സ് അധ്യാപകനായിരുന്നുവെന്ന്.

ഇതൊക്കെ ഈ ലോകത്തു പതിവാണ്. ഭ്രാന്തനായിയെന്നു കണ്ടാൽ ബന്ധുക്കൾ വീട്ടിൽനിന്ന് അടിച്ചുപുറത്താക്കും. ആ ഭ്രാന്തൻ കുറേക്കാലം യാചിക്കും. റോഡിൽ കിടന്നു ചാകും. നിത്യജീവിതത്തിൽ ഇങ്ങനെ രണ്ടധ്യാപകരെ ഞാൻ കണ്ടു. ഫിക്ഷനിൽ ഇപ്പോൾ അമ്മട്ടിൽ ഒരാളെ കാണുന്നു. ഷുർഷിദ് ആലം എഴുതിയ 'വാതിലിൽ മുട്ടുന്നവൻ' എന്ന ചെറുകഥയിൽ. (കുങ്കുമം—തർജ്ജമ പി. മാധവൻ പിള്ളയുടേത്) യാചിക്കുമ്പോൾ ഒന്നും കൊടുക്കില്ല മനുഷ്യർ. അയാൾ മരിച്ചാൽ ശവസംസ്കാരത്തിനു വാരിക്കോരിക്കൊടുക്കും. ഈ കാപട്യത്തിന് അടികൊടുക്കാൻ ശ്രമിക്കുന്ന ഇക്കഥ തുച്ഛമാണ്. ഇതിനെക്കാളൊക്കെ കലാഭംഗിയുള്ള എത്രയോ കഥകൾ മലയാളത്തിലുണ്ടാകുന്നു. മറുനാടൻ മണ്ണിൽനിന്ന് ചെടികൾ പിഴുതുകൊണ്ടുവരുമ്പോൾ അവയ്ക്കു ഭംഗിയുണ്ടോ എന്നുകൂടി നോക്കേണ്ടതാണ്. നോക്കിയില്ലെങ്കിൽ ആ പ്രവൃത്തി നിഷ്ഫലമാകും.

രാജവീഥിയിലൂടെ നടക്കുന്ന ഏതൊരു സ്ത്രീയുടെയും ശ്രദ്ധ തങ്ങളുടെ കണ്ണുകൾ പുരുഷന്മാരിൽ പതിക്കരുതെന്നാണ്. അതുകൊണ്ട് അവർക്ക് ഒരു ടെൻഷൻ—പിരിമുറുക്കം—ഉണ്ടാകും. നമ്മുടെ ചില നിരൂപകരുടെ 'നിർബ്ബന്ധം മറ്റെഴുത്തുകാരെ പ്രശംസിക്കരുതെന്നാണ്". അതുകൊണ്ട് അവരുടെ മുഖത്തും ടെൻഷൻ കാണാം.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.